**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2167** **13.06.2019-** ൽ മറുപടിയ്ക്ക്

## വയോജനക്ഷേമ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.കെ.യു.അരുണൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.പി.ഉണ്ണി<br>ശ്രീ.പി.കെ.ശശി | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പ മന്ത്രി.) |

| | | | |
|---|---|---|---|
| (എ) | സമൂഹത്തിൽ വയോജനങ്ങളുടെ അനുപാതം വർദ്ധിക്കുകയും അതേ സമയം അവരെ സംരക്ഷിക്കേണ്ടവർ അതിന് തയ്യാറാകാതിരിക്കുകയും ചെയ്യുന്ന സംഭവങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ വയോജന സംരക്ഷണത്തിനും ക്ഷേമത്തിനും ചെയ്തുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമ പ്രകാരമുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾ, മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം മുതിർന്നവരുടെ ക്ഷേമ സുരക്ഷിതത്വത്തിന് അതാത് മേഖലകളിലെ പോലീസ് ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കുന്നുണ്ട്. ഓരോ പോലീസ് സ്റ്റേഷനിലും തങ്ങളുടെ പരിധിയിലെ മുതിർന്ന പൗരന്മാരുടെ പ്രത്യേകിച്ച് ഒറ്റയ്ക്ക് താമസിക്കുന്നവരുടെ പട്ടിക സൂക്ഷിക്കുന്നതിനും മാസത്തിലൊരിക്കൽ ഇവരെ സന്ദർശിക്കുന്നതിനും ആവശ്യമെങ്കിൽ സഹായം അഭ്യർത്ഥിച്ചാൽ ആയത് നൽകുന്നതിനുമുള്ള ടി ആക്ടിലെ |

| | | | |
|---|---|---|---|
| | | | വ്യവസ്ഥ പ്രകാരം നടപടി സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തെ റവന്യൂ ഡിവിഷൻ ഓഫീസർമാരെ അദ്ധ്യക്ഷന്മാരാക്കി മെയിന്റനൻസ് ട്രൈബ്യൂണലുകളായി റവന്യൂ ഡിവിഷൻ കാര്യാലയങ്ങളെ നോട്ടിഫൈ ചെയ്തിട്ടുണ്ട്. ടി ട്രൈബ്യൂണലുകൾ സിവിൽ കോടതിയുടെ അധികാരത്തോടു കൂടിയാണ് പ്രവർത്തിക്കുന്നത്. അപ്രകാരം 27 RDO മാരുടെ കാര്യാലയങ്ങൾ നിലവിൽ മെയിന്റനൻസ് ട്രൈബ്യൂണലുകളായി പ്രവർത്തിക്കുന്നു. ടി ട്രൈബ്യൂണലുകളിൽ വയോജനങ്ങൾക്ക് നേരിട്ടോ അയാൾ നിയോഗിക്കുന്ന മറ്റൊരു വ്യക്തിക്കോ സംഘടനയ്ക്കോ അഥവാ ട്രൈബ്യൂണലിന് സ്വമേധയായോ നടപടി സ്വീകരിക്കാവുന്നതാണ്. കൂടാതെ മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുന്നതിനു എല്ലാ മെയിന്റനൻസ് ട്രൈബ്യൂണലുകളിലും ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരെ താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. അപ്രകാരം വയോജനങ്ങളുടെ |

| | | | |
|---|---|---|---|
| | | | പരാതികളിന്മേൽ സമയബന്ധിതമായി നിയമനടപടികൾ സ്വീകരിച്ച വരുന്നു. |
| (ബി) | സർക്കാർ മേഖലയിൽ വയോജന സംരക്ഷണ കേന്ദ്രങ്ങൾ വേണ്ടത്രയുണ്ടോ; സ്വകാര്യമേഖലയിൽ പ്രതിഫലം വാങ്ങിയും അല്ലാതെയും നടത്തുന്ന വയോജന സംരക്ഷണ കേന്ദ്രങ്ങൾ മെച്ചപ്പെട്ട സേവനം നൽകുന്നുവെന്ന് ഉറപ്പാക്കാൻ നിരീക്ഷണ സംവിധാനം നിലവിലുണ്ടോ; | (ബി) | കേരളത്തിൽ 16 ഗവ.വൃദ്ധസദനങ്ങൾ വിവിധ പരിചരണ സംവിധാനങ്ങളുമായി പ്രവർത്തിച്ച വരുന്നു. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിൽ 630 വൃദ്ധസദനങ്ങൾ പ്രവർത്തിച്ച വരുന്നു. വൃദ്ധസദനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും ഉറപ്പ വരുത്തുന്നതിനും സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ എന്നിവയ്ക്ക് പ്രത്യേകമായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനുവൽ നിലവിലുണ്ട്. ആയതിൻപ്രകാരമാണ് വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നത്. കൂടാതെ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാരും ഓർഫനേജ് കൺട്രോൾ ബോർഡ് ജീവനക്കാരും ടി ഹോമുകൾ സന്ദർശിച്ച പരിശോധന നടത്തി വരുന്നുണ്ട്. |
| (സി) | സാമ്പത്തികമായി തീർത്തും ദുർബ്ബലാവസ്ഥയിലുള്ള വയോജനങ്ങൾക്ക് ചികിത്സയ്ക്കും ആരോഗ്യപരിപാലനത്തിനും സൗജന്യസഹായം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

## വയോജനങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ

1. **സായംപ്രഭാ ഹോം പദ്ധതി**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന വയോജന പരിപാലന കേന്ദ്രങ്ങൾക്ക് അധിക സൗകര്യങ്ങൾ കൊടുത്തുകൊണ്ട് അപ്ഗ്രേഡ് ചെയ്യുന്ന പദ്ധതി.

2. **മന്ദഹാസം പദ്ധതി**

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുതിർന്ന പൗരന്മാർക്ക് കൃത്രിമ ദന്തനിര സൗജന്യമായി വച്ചുപിടിപ്പിച്ചുകൊടുക്കുന്ന പദ്ധതി.

3. **മ്യൂസിക് തെറാപ്പി**

സംസ്ഥാനത്തെ വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് ശാരീരികവും മാനസികവുമായ ഉല്ലാസം പ്രദാനം ചെയ്യുന്ന പദ്ധതി.

4. **വയോമധുരം പദ്ധതി**

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുതിർന്ന പൗരന്മാർക്ക് രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് കൃത്യമായും പതിവായും നിരീക്ഷിക്കുന്നതിന് ഗ്ലൂക്കോമീറ്റർ സൗജന്യമായി നൽകുന്ന പദ്ധതി.

5. **മാതൃകാ സായംപ്രഭാ ഹോം പദ്ധതി**

വയോജനങ്ങൾക്ക് പകൽ സമയം ഉല്ലാസപൂർവം ചിലവഴിക്കുന്നതിനും സ്വയംതൊഴിൽ പരിശീലിക്കുന്നതിനും ആരംഭിച്ചിട്ടുള്ള പദ്ധതി.

6. **യോഗാ തെറാപ്പി**

വൃദ്ധസദനങ്ങളിൽ നടപ്പാക്കുന്ന പദ്ധതി

7. **സെക്കന്റ് ഇന്നിംഗ്സ് പ്രോജക്ട്**

സംസ്ഥാനത്തെ വൃദ്ധസദനങ്ങളെ ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതി.

8. **വയോമിത്രം പദ്ധതി**

സംസ്ഥാനത്തെ 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരൻമാർക്ക് ആരോഗ്യസംരക്ഷണവും മാനസിക ഉല്ലാസവും നൽകുന്നതിനുവേണ്ടി നടപ്പിലാക്കിവരുന്ന പദ്ധതി.

**സെക്ഷൻ ഓഫീസർ**